LIBRARY ARCHIVES Kerala Legislative Assembly

കെ.ബി.എഫ്. പദ്ധതിപ്രകാരം രണ്ടുലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ലഭ്യമാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് മൂന്ന് ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്.

കാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗികൾക്കുള്ള പെൻഷൻ - വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ കാൻസർ, ക്ഷയം, കുഷ്ഠം ഇവയിൽ ഏതെങ്കിലും രോഗമുള്ളവർക്ക് പ്രതിമാസം ആയിരം രൂപ വീതം ധനസഹായം നൽകിവരുന്നു. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റുസഹിതം ബന്ധപ്പെട്ട താലൂക്ക് ഓഫീസിലാണ് സമർപ്പിക്കേണ്ടത്.

മറ്റ് ആനുകൂല്യങ്ങൾ - 6-7-2018-ലെ സ.ഉ.(സാധാ)നം.2171/2018/ആ.കു.വ. പ്രകാരം അന്ത്യോദയ അന്നയോജന (AAY), മുൻഗണന (Priority) എന്നീ വിഭാഗങ്ങളിലെ റേഷൻകാർഡ് അംഗങ്ങൾക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും ഗുരുതര രോഗം ബാധിച്ചിട്ടുള്ള 24-10-2018-ലെ (സ.ഉ.(സാധാ)നം.3204/2018/ആ.കു.വ. പ്രകാരം പട്ടികപ്പെടുത്തിയ രോഗങ്ങൾ അനുബന്ധം 3 -ൽ കണ്ടാലും*) പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ (Non Priority State Subsidy) ഉൾപ്പെടുന്ന അംഗത്തിനും റേഷൻ കാർഡിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ "സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയ്ക്ക് അർഹനാണ്" എന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്ത്രീ സുരക്ഷയും ശാക്തീകരണവും

145 (145) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയനിരാശയെ തുടർന്ന് നടക്കുന്ന കൊലപാതകങ്ങളും കൊലപാതകത്തിലേയ്ക്കോ ആത്മഹത്യയിലേയ്ക്കോ നയിക്കുന്ന സ്ത്രീധന പീഡനങ്ങളും തുറന്നുകാട്ടുന്ന ലിംഗ അസമത്വം അവസാനിപ്പിക്കുന്നതിനായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനിത ശിശുവികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പ്രണയനിരാശയെ തുടർന്ന് നടക്കുന്ന കൊലപാതകങ്ങളും കൊലപാതകത്തിലേയ്ക്കോ ആത്മഹത്യയിലേയ്ക്കോ നയിക്കുന്ന സ്ത്രീധന പീഡനങ്ങളും തുറന്നുകാട്ടുന്ന ലിംഗ അസമത്വം അവസാനിപ്പിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നടത്തുന്ന പരിപാടികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) സ്ത്രീകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ?

സ്ത്രീകളുടെ സുരക്ഷയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(സി) സ്ത്രീധന നിരോധന നിയമം ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയാതെ പോകാനിടവരുന്ന സാമൂഹ്യ സ്ഥിതിയും ചില വിഭാഗങ്ങൾക്കിടയിൽ കുടുംബസ്വത്തിൽ സ്ത്രീകൾക്ക് അധികാരമില്ലാതെയോ അല്ലെങ്കിൽ തുല്യാവകാശമില്ലാതെയൊ പോകുന്ന രീതിയും സ്ത്രീധന സമ്പ്രദായത്തിന്റെ പ്രോത്സാഹനത്തിനിട നല്കുമെന്നതിനാൽ ഇവയ്ക്ക് പരിഹാരം കാണാൻ പ്രചരണ പരിപാടികൾ നടത്തുകയും നിയമസഹായം നൽകുകയും ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ?

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

(ഡി) സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനും ഉതകുന്ന മിത്ര 181 വേണ്ടത്ര ഫലപ്രദമാക്കാനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുമോ?

സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവയുണ്ടായാൽ 181 മിത്ര ഹെൽപ് ലൈനിൽ വിളിച്ചു പരാതിപ്പെടാവുന്നതാണ്. ആവശ്യമെങ്കിൽ കൗൺസിലിംഗ് സഹായം ലഭ്യമാക്കുന്നതാണ്. 181 മിത്ര ഹെൽപ് ലൈൻ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അറിവ് ലഭ്യമാക്കുന്നതിലേയ്ക്കായി മാധ്യമങ്ങൾ വഴി പ്രചരണം നൽകിയിട്ടുണ്ട്. കേരളത്തിലെ വനിതകൾക്ക് 181 എന്ന ടോൾ ഫ്രീ നമ്പരിലൂടെ ഗാർഹിക പീഡനം, മാനസിക ശാരീരിക വൈകാരിക പ്രശ്നങ്ങൾ, തർക്കങ്ങൾ, സുരക്ഷാഭീതി തുടങ്ങി പിന്തുണ ആവശ്യമുള്ള ഏതുതരം സേവനങ്ങൾക്കും സഹായം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പാക്കിവരുന്നു. പ്രശ്നങ്ങൾക്ക് എത്രയുംവേഗം പരിഹാരം കണ്ടെത്താൻ സഹായിക്കുന്നതിന് വേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ പദ്ധതിയാണ് മിത്ര 181 വിമൻ ഹെൽപ്പ് ലൈൻ. പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ 2 ലക്ഷത്തിലധികം കോളുകൾക്ക് സേവനം നൽകാൻ സാധിച്ചിട്ടുണ്ട്. 181 പദ്ധതിയുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായും നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്വെയർ അപ്ഗ്രേഡ് ചെയ്യുകയും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട പദ്ധതികൾ

146 (146) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കിവച്ച തുകയിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ വിവിധ നിയോജക മണ്ഡലം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആരോഗ്യവകുപ്പിന് കോവിഡ്-19 പ്രതിരോധ/പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും എലമ്പുള്ളി താലൂക്ക് ആശുപത്രി വികസനത്തിനായി അനുവദിച്ച തുകയുടെ വിശദാംശവും അനുബന്ധം I ആയി ചേർക്കുന്നു*. കോവിഡ്-19 പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 26-7-2021-ലെ സ.ഉ.(സാധാ) നം.1555/2021/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം ഐസോലേഷൻ വാർഡുവീതം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പാലക്കാട് ജില്ലയിലെ നിയോജക മണ്ഡലങ്ങളിൽ ഐസോലേഷൻ വാർഡ് സ്ഥാപിക്കാൻ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു. കിഫ്ബി ഫണ്ടും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly